# പാത്രിയർക്കീസ് ബാവ നാളെയെത്തും

**കൊച്ചി:** ആകമാന സുറിയാനി സഭയുടെ പരമാധ്യക്ഷൻ ഇഗ്നാത്തിയോസ് സാഖാപ്രഥമൻ പാത്രിയർക്കീസ് ബാവ നാലാമത് ശ്ലൈഹീക സന്ദർശനത്തിനായി വെള്ളിയാഴ്ച രാവിലെ 9ന് നെടുമ്പാശ്ശേരിയിൽ എത്തും. സംസ്ഥാന അതിഥിയായി എത്തുന്ന ബാവയെ ശ്രേഷ്ഠകാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവയും മെത്രാപ്പോലീത്തന്മാരും, സംസ്ഥാന മന്ത്രിമാരും, രാഷ്ട്രീയ-സമുദായിക നേതാക്കന്മാരും ചേർന്ന് സ്വീകരിക്കും. പിതാവിന്റെ ആഗമനവിവരം അറിയിച്ച് വെള്ളിയാഴ്ച രാവിലെ 9.30ന് യാക്കോബായസഭയിലെ എല്ലാ ദൈവാലയങ്ങളിലും മണിനാദം മുഴക്കും. പുത്തൻകുരിശ് പാത്രിയർക്ക സെൻററിലാണ് ബാവ താമസിക്കുന്നത്.

ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ പൗരോഹിത്യ സുവർണജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം 19ന് വൈകിട്ട് എറണാകുളം മറൈൻ ഡ്രൈവ് മൈതാനിയിൽ ഒരുക്കിയിരിക്കുന്ന മോർ ഇഗ്നാത്തിയോസ് നഗറിൽ പാത്രിയർക്കീസ് ബാവ നിർവഹിക്കും. മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ അധ്യക്ഷത വഹിക്കും. കേന്ദ്ര ആഭ്യന്തരമന്ത്രി ശിവരാജ് പാട്ടീൽ മുഖ്യാതിഥിയായിരിക്കും. കേന്ദ്രമന്ത്രിമാരായ ഓസ്കാർ ഫെർണാണ്ടസ്, വയലാർ രവി, ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ, മന്ത്രി എസ്.ശർമ, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, കൊച്ചി മേയർ മേഴ്സി വില്യംസ്, ജോസഫ് മാർത്തോമ മെത്രാപ്പോലീത്ത, ബിഷപ്പ് ജോർജ് പുന്നക്കോട്ടിൽ, ബിഷപ്പ് തോമസ് സാമുവേൽ, മുൻ കേന്ദ്രമന്ത്രി ഒ. രാജഗോപാൽ, എൻഎസ്എസ് ജനറൽസെക്രട്ടറി പി.കെ. നാരായണപ്പണിക്കർ, എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, പിണറായി വിജയൻ, രമേശ് ചെന്നിത്തല എന്നിവർ ആശംസയർപ്പിക്കും.

ഒക്ടോബർ 17ന് വൈകിട്ട് 5ന് പുത്തൻകുരിശ് മാർ അത്തനാസ്യോസ് കത്തീഡ്രലിന്റെ മൂറോൻ കൂദാശയിലും 18ന് രാവിലെ 10ന് മഴുവന്നൂർ പള്ളി കൂദാശയിലും പാത്രിയർക്കീസ് ബാവ സംബന്ധിക്കും. 20ന് വൈകിട്ട് 5 മണിക്ക് താമരച്ചാൽ പള്ളി സന്ദർശിക്കും. 21ന് കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ കബർ അടങ്ങിയിരിക്കുന്ന മോർ ശക്രള്ള ബസേലിയോസ് മപ്രിയാനായെ കണ്ടനാട് സെൻറ് മേരീസ് ഹൈസ്കൂൾ അങ്കണത്തിൽ വച്ച് വിശുദ്ധനായി പാത്രിയർക്കീസ് ബാവ പ്രഖ്യാപിക്കും. മുളന്തുരുത്തി മാർതോമൻ പള്ളിയിൽ കബർ അടങ്ങിയിരിക്കുന്ന യുയാക്കീം മോർ കൂറിലോസ് ബാവയെ മുളന്തുരുത്തിയിൽ വച്ച് വിശുദ്ധ പദവിയിലേക്ക് ഉയർത്തും.

22ന് വൈകിട്ട് 4ന് അഖില മലങ്കര വൈദികയോഗവും 4.45ന് സഭാമനേജിങ് കമ്മറ്റിയും നടക്കും. 23ന് രാവിലെ ക്നാനായ അതിഭദ്രാസനം നൽകുന്ന സ്വീകരണത്തിൽ പാത്രിയർക്കീസ് ബാവ പങ്കെടുക്കും. ഉച്ചയ്ക്ക് 12ന് മഞ്ഞനിക്കര കബറടങ്ങിയിരിക്കുന്ന ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ കബറിങ്കൽ പ്രാർഥന നടത്തും. 4ന് പത്തനംതിട്ട സെൻറ്മേരീസ് കത്തീഡ്രലിൽ നൽകുന്ന സ്വീകരണത്തിൽ പങ്കെടുക്കും. 5ന് പുതിയതായി നിർമിച്ച കാവുംഭാഗം സെൻറ് ജോർജ് ചാപ്പലിന്റെ മൂറോൻ കൂദാശ നിർവഹിക്കും.

24ന് രാവിലെ 9.30ന് പാണംപടി സെൻറ് മേരീസ് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കര മെത്രാപ്പോലീത്തയായിരുന്ന കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തയെ വിശുദ്ധനായി പ്രഖ്യാപിക്കും. തുടർന്ന് കുമരകം ആറ്റാമംഗലം പള്ളി സന്ദർശിക്കും. 4ന് കോട്ടയം തിരുനക്കര സെൻട്രൽ ജങ്ഷനിൽ കോട്ടയം പൗരാവലിയുടെ സ്വീകരണം ഏറ്റുവാങ്ങിയശേഷം പുതുപ്പള്ളി സെൻറ്ജോർജ് പാത്രിയാർക്കൽ പള്ളിയുടെ മൂറോൻ കൂദാശ നിർവഹിക്കും.

തുടർന്ന് വാഹന ഘോഷയാത്രയായി മണർകാട് നടക്കുന്ന സാംസ്കാരിക പരിപാടികളിൽ പങ്കെടുക്കും.

25ന് കോതമംഗലത്ത് വച്ച് കൂടുന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിലും 26ന് കോതമംഗലം വലിയ പള്ളിയിൽ ചേരുന്ന എപ്പിസ്കോപ്പൽ സുന്നഹദോസിലും ബാവ പങ്കെടുക്കും. ഉച്ചകഴിഞ്ഞ് പുത്തൻകുരിശ് പാത്രിയർക്ക സെൻററിൽ നടത്തുന്ന സൺഡേസ്കൂൾ കുട്ടികളുടെ റാലിയേയും യൂത്ത് അസോസിയേഷൻ-മർത്തമറിയം വനിതാ സമാജം എന്നിവയുടെ സംഗമത്തേയും പാത്രിയർക്കീസ് ബാവ ആശിർവദിക്കും. തുടർന്ന് നടക്കുന്ന സാംസ്കാരിക സമ്മേളനത്തിലും സംബന്ധിക്കും.

27ന് രാവിലെ 10 മണിക്ക് മഴുവന്നൂർ സെൻറ് തോമസ് പള്ളി മൂറോൻ കൂദാശ നിർവഹിക്കും. 27ന് പാത്രിയർക്കീസ് ബാവ മലേക്കുരിശ് ദയറ സന്ദർശിച്ച് മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ കബറിടത്തിങ്കൽ പ്രാർഥന നടത്തും. തുടർന്ന് വെട്ടിക്കൽ മലങ്കര സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയും സന്ദർശിക്കും. 28ന് തെക്കൻ പറവൂർ സെൻറ് ജോൺസ് പള്ളിയിൽ കുർബാനയർപ്പിക്കും.

പന്ത്രണ്ട് ദിവസത്തെ സന്ദർശനം പൂർത്തീകരിച്ച് 29ന് രാവിലെ നെടുമ്പാശ്ശേരിയിൽനിന്ന് ബാവ മടങ്ങും.

## പത്രിയാർക്കീസ് ബാവയുടെ സന്ദർശനം: ഹർജി തള്ളി

**കൊച്ചി:** കേരളത്തിലെത്തുന്ന പാത്രിയർക്കീസ് ബാവ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ മതപരമായ ചടങ്ങുകളിൽ പങ്കെടുക്കുന്നത് തടയണമെന്ന ഹർജി ഹൈക്കോടതി തള്ളി. ആരോപണങ്ങൾ തെളിയിക്കുന്നതിൽ ഹർജിക്കാർ പരാജപ്പെട്ടെന്ന് ജസ്റ്റിസ് പി.എൻ. രവീന്ദ്രൻ വ്യക്തമാക്കി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് എന്നിവർ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്.

സന്ദർശക വിസയിലെത്തുന്നവർ മതപ്രചാരണം നടത്തുന്നത് 1946 ലെ വിദേശീയനയത്തിന് വിരുദ്ധമാണെന്നതിനാൽ തടയണമെന്നായിരുന്നു ആവശ്യം. 1988 ലെ സർക്കാർ ഉത്തരവു കൂടി പരിശോധിച്ചശേഷമാണ് കോടതി ഉത്തരവ്.